**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4151** — **03-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളിൽ പുതുതായി രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പുതുതായി എത്ര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വർഷവും സംരംഭങ്ങളുടെ തരവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | ഇതിൽ ഒന്നിൽ കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ എണ്ണം എത്രയാണ്; വർഷവും സംരംഭങ്ങളുടെ തരവും ജില്ലയും തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പുതുതായി സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെല്ലാം രേഖകൾ ഹാജരാക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ഇതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ എന്തെല്ലാം പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ചുമതലയാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവയും 1996 ലെ കേരള പഞ്ചായത്ത് രാജ് (Issue of Licenses to Factories, trades, Entrepreneurship activation and other services) ചട്ടങ്ങൾ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 447 മുതൽ 450 വരെയും 453 മുതൽ 456 വരെയും, 460, 462, 469, 470, 492 എന്നീ വകുപ്പുകളും 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സംരംഭങ്ങൾക്ക് ലൈസൻസ് നൽകുന്നത്.<br>പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിന് നിശ്ചിത ഫോറത്തിലുള്ള അപേക്ഷ, സംരംഭകന്റെ തിരിച്ചറിയൽ രേഖ, സംരംഭം നടത്തുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശരേഖയോ, പാട്ടത്തിനോ വാടകയ്ക്കോ എടുത്തതിന്റെ രേഖയോ ആണ് പ്രധാനമായും |

| | | | | |
|---|---|---|---|---|
| | | | | വേണ്ടത്. 1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫാക്ടറി ഇൻസ്പെക്ടറുടെയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെയോ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട്, ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് (ആശുപത്രി, ക്ലിനിക്കൽ ലബോറട്ടറി/മറ്റേതെങ്കിലും ആരോഗ്യ പരിപാലനം എന്നിവയ്ക്ക് മാത്രം), തീപിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷൻ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ, എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവയ്ക്ക് ജില്ലാ കളക്ടറുടെ /ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുവാദ പത്രം, കെട്ടിട നിർമ്മാണ ചട്ട പ്രകാരം അപേക്ഷ/ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ ആവശ്യമാണ്. 25 HP യിൽ കൂടുതൽ ശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്ന ആരോഗ്യ സ്ഥാപനങ്ങൾക്കും, റെഡ് കാറ്റഗറിയിൽ പെട്ട സംരംഭങ്ങൾക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള കൺസന്റ് ടു ഓപ്പറേറ്റും ആവശ്യമാണ്. കൂടാതെ സംരംഭം ആരംഭിക്കുന്ന കെട്ടിടത്തിന്റെ NOC യും ആവശ്യമാണ്.<br>പുതുതായി സംരംഭം ആരംഭിക്കാൻ മുന്നോട്ടുവരുന്നവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുവാൻ വേണ്ടി ഒരു ഹെൽപ് ഡെസ്ക് സംവിധാനം തദ്ദേശസ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വ്യവസായ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ഇന്റേണിന്റെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിച്ചുവരുന്നത്. സംരംഭക പ്രോപ്പോസലുകൾ സ്വീകരിക്കുന്നതിനും സംരംഭങ്ങളും തൊഴിലും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ എന്റർപ്രീണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപന തലത്തിലുള്ള പെർമിറ്റുകൾ അനുമതികൾ എന്നിവ സമയബന്ധിതമായി സംരംഭകർക്ക് നൽകുന്നതിനും ധനകാര്യ സ്ഥാപനങ്ങൾ, ഇൻകുബേഷൻ സെന്ററുകൾ, കൺസൾട്ടൻസി ഏജൻസികൾ എന്നിവരുമായി സംരംഭകരെ ബന്ധിപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ നൽകുന്നതിനുള്ള ചുമതല എന്റർപ്രീണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഹെൽപ്പ് ഡെസ്കുകൾക്കാണ്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ കൂടാതെ സംസ്ഥാനത്ത് സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് അനുമതി ഉണ്ടോ; എങ്കിൽ എത്രകാലമാണ് അപ്രകാരം ഒരു സംരംഭം പ്രവർത്തിപ്പിക്കാനാകുക; വിശദമാക്കുമോ? | (ഡി) | 2019 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിന്റെ അടിസ്ഥാനത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാര വ്യവസായങ്ങൾക്കുള്ള ലൈസൻസ്) ചട്ടങ്ങളിലുണ്ടായ ഭേദഗതികളുടെ ഭാഗമായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റെഡ് കാറ്റഗറിയിൽപ്പെടാത്ത MSME കൾക്ക് ഏകജാലക ക്ലിയറൻസ് ബോർഡിന്റെ കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ടെങ്കിൽ മൂന്ന് വർഷം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമില്ല. മൂന്ന് വർഷം കഴിഞ്ഞുള്ള ആറ് മാസത്തിനുള്ളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് എടുത്താൽ മതിയാകും. ഇതര വ്യവസായങ്ങൾക്ക് നിക്ഷേപങ്ങൾ സുഗമമാക്കൽ ബ്യൂറോയുടെ അംഗീകാരമുണ്ടെങ്കിൽ ഒരു വർഷം വരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (1)**

**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 2021-23 കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ**

| നം. | ജില്ല | 2021-22 സംരംഭങ്ങളുടെ എണ്ണം | സംരംഭങ്ങളുടെ തരം (2021-22) | 2022-23 സംരംഭങ്ങളുടെ എണ്ണം | സംരംഭങ്ങളുടെ തരം (2022-23) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 64 | ഉൽപ്പാദനം-52<br>സേവനം-12 | 9324 | ഉൽപ്പാദനം-1354<br>സേവനം-3928<br>വ്യാപാരം-4042 |
| 2 | കൊല്ലം | 299 | ഉൽപ്പാദനം-53<br>സേവനം-159<br>വ്യാപാരം-87 | 7471 | ഉൽപ്പാദനം-1009<br>സേവനം-3019<br>വ്യാപാരം-3446 |
| 3 | പത്തനംതിട്ട | 201 | ഉൽപ്പാദനം-16<br>സേവനം-121<br>വ്യാപാരം-64 | 3221 | ഉൽപ്പാദനം-642<br>സേവനം-1301<br>വ്യാപാരം-1278 |
| 4 | ആലപ്പുഴ | 119 | ഉൽപ്പാദനം-18<br>സേവനം-69<br>വ്യാപാരം-32 | 6104 | ഉൽപ്പാദനം-1503<br>സേവനം-2404<br>വ്യാപാരം-2197 |
| 5 | കോട്ടയം | 44 | ഉൽപ്പാദനം-<br>സേവനം- | 4985 | ഉൽപ്പാദനം-859 |

| | | | | | |
|---|---|---|---|---|---|
| | | | വ്യാപാരം– | | സേവനം–1970<br>വ്യാപാരം–2156 |
| 6 | ഇടുക്കി | 0 | 0 | 2388 | ഉൽപ്പാദനം–<br>419<br>സേവനം–1036<br>വ്യാപാരം–933 |
| 7 | എറണാകുളം | 249 | ഉൽപ്പാദനം–19<br>സേവനം–143<br>വ്യാപാരം–87 | 6093 | ഉൽപ്പാദനം–<br>1740<br>സേവനം–3581<br>വ്യാപാരം–772 |
| 8 | തൃശ്ശൂർ | 413 | ഉൽപ്പാദനം–63<br>സേവനം–198<br>വ്യാപാരം–152 | 7994 | ഉൽപ്പാദനം–<br>1714<br>സേവനം–3486<br>വ്യാപാരം–2794 |
| 9 | പാലക്കാട് | 163 | ഉൽപ്പാദനം–48<br>സേവനം–78<br>വ്യാപാരം–37 | 7363 | ഉൽപ്പാദനം–<br>1316<br>സേവനം–2792<br>വ്യാപാരം–3255 |
| 10 | മലപ്പുറം | 323 | ഉൽപ്പാദനം–67<br>സേവനം–98<br>വ്യാപാരം–158 | 8222 | ഉൽപ്പാദനം–<br>1834<br>സേവനം–3009<br>വ്യാപാരം–3379 |
| 11 | കോഴിക്കോട് | 360 | ഉൽപ്പാദനം–86<br>സേവനം–165<br>വ്യാപാരം–109 | 7096 | ഉൽപ്പാദനം–<br>1493<br>സേവനം–2764<br>വ്യാപാരം–2839 |
| 12 | വയനാട് | 3 | ഉൽപ്പാദനം–3 | 2390 | ഉൽപ്പാദനം–<br>242 |

| | | | | | |
|---|---|---|---|---|---|
| | | | | | സേവനം–931<br>വ്യാപാരം–1217 |
| 13 | കണ്ണൂർ | 189 | ഉൽപ്പാദനം–56<br>സേവനം–89<br>വ്യാപാരം–44 | 6716 | ഉൽപ്പാദനം–1489<br>സേവനം–2927<br>വ്യാപാരം–2300 |
| 14 | കാസറഗോഡ് | 42 | ഉൽപ്പാദനം–36<br>സേവനം–4<br>വ്യാപാരം–2 | 2756 | ഉൽപ്പാദനം–728<br>സേവനം–819<br>വ്യാപാരം–1209 |

**അനുബന്ധം (2)**

## ഒന്നിൽക്കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന രജിസ്റ്റർ ചെയ്ത സംരംഭങ്ങളുടെ വിവരങ്ങൾ

| നം. | ജില്ല | 2021-22 ഒന്നിൽക്കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ തരം (2021-22) | 2022-23 ഒന്നിൽക്കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ ജീവനക്കാർ ഉൾപ്പെടുന്ന സംരംഭങ്ങളുടെ തരം (2022-23) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 410 | ഉൽപ്പാദനം-139<br>സേവനം-146<br>വ്യാപാരം-125 | 17962 | ഉൽപ്പാദനം-2382<br>സേവനം-7103<br>വ്യാപാരം-8477 |
| 2 | കൊല്ലം | 531 | ഉൽപ്പാദനം-149<br>സേവനം-257<br>വ്യാപാരം-125 | 13946 | ഉൽപ്പാദനം-2278<br>സേവനം-5171<br>വ്യാപാരം-6497 |
| 3 | പത്തനംതിട്ട | 349 | ഉൽപ്പാദനം-24<br>സേവനം-135<br>വ്യാപാരം-140 | 6150 | ഉൽപ്പാദനം-1026<br>സേവനം-2366<br>വ്യാപാരം-2758 |
| 4 | ആലപ്പുഴ | 340 | ഉൽപ്പാദനം-132<br>സേവനം-159<br>വ്യാപാരം-49 | 11336 | ഉൽപ്പാദനം-2031<br>സേവനം-3901<br>വ്യാപാരം-4978<br>മറ്റുള്ളവ - 426 |
| 5 | കോട്ടയം | 317 | ഉൽപ്പാദനം-94<br>സേവനം-194<br>വ്യാപാരം-29 | 8751 | ഉൽപ്പാദനം-1529<br>സേവനം-3432<br>വ്യാപാരം-3790 |

| | | | | | |
|---|---|---|---|---|---|
| 6 | ഇടുക്കി | 0 | 0 | 4403 | ഉൽപ്പാദനം–651<br>സേവനം–1911<br>വ്യാപാരം–1841 |
| 7 | എറണാകുളം | 5565 | ഉൽപ്പാദനം–1322<br>സേവനം–1832<br>വ്യാപാരം–467<br>മറ്റുള്ളവ–1944 | 20535 | ഉൽപ്പാദനം–3469<br>സേവനം–6788<br>വ്യാപാരം–8224<br>മറ്റുള്ളവ – 2054 |
| 8 | തൃശ്ശൂർ | 1068 | ഉൽപ്പാദനം–102<br>സേവനം–488<br>വ്യാപാരം–478 | 16778 | ഉൽപ്പാദനം–3513<br>സേവനം–6486<br>വ്യാപാരം–6779 |
| 9 | പാലക്കാട് | 1368 | ഉൽപ്പാദനം–150<br>സേവനം–559<br>വ്യാപാരം–659 | 13104 | ഉൽപ്പാദനം–1732<br>സേവനം–5303<br>വ്യാപാരം–6069 |
| 10 | മലപ്പുറം | 534 | ഉൽപ്പാദനം–84<br>സേവനം–200<br>വ്യാപാരം–250 | 13929 | ഉൽപ്പാദനം–2288<br>സേവനം–4652<br>വ്യാപാരം–6989 |
| 11 | കോഴിക്കോട് | 3509 | ഉൽപ്പാദനം–869<br>സേവനം–1499<br>വ്യാപാരം–1141 | 16419 | ഉൽപ്പാദനം–2603<br>സേവനം–6133<br>വ്യാപാരം–7683 |
| 12 | വയനാട് | 174 | ഉൽപ്പാദനം–14<br>സേവനം–95<br>വ്യാപാരം–65 | 4593 | ഉൽപ്പാദനം–373<br>സേവനം–1514<br>വ്യാപാരം–2706 |
| 13 | കണ്ണൂർ | 3347 | ഉൽപ്പാദനം–536<br>സേവനം–882<br>വ്യാപാരം–1929 | 16726 | ഉൽപ്പാദനം–2904<br>സേവനം–6476<br>വ്യാപാരം–7346 |
| 14 | കാസറഗോഡ് | 58 | ഉൽപ്പാദനം–15<br>സേവനം–28<br>വ്യാപാരം–15 | 5107 | ഉൽപ്പാദനം–663<br>സേവനം–1621<br>വ്യാപാരം–2823 |